

**Week -2**

## Jesus The Best Teacher - (യേശു എന്ന നല്ല ഗുരു)

(ദേശീയ അദ്ധ്യാപകദിനമായി ഭാരത സർക്കാർ Sep:5 ആഘോഷിക്കുമ്പോൾ, ലോക അദ്ധ്യാപകദിനമായി Oct:5 ആണ് കണക്കാക്കുന്നത്. ഈ അവസരത്തിൽ മൺമറഞ്ഞ അദ്ധ്യാപക ശ്രേഷ്ഠന്മാർക്കും, ആ ജീവിതത്തിന്റെ സന്തോഷത്തിലായിരിക്കുന്ന വർക്കും ഞങ്ങളുടെ പ്രണാമം.)

ഗുരുകുല വിദ്യാഭ്യാസകാലത്ത് നടന്ന ഒരു സംഭവം രേഖപ്പെടുത്തുന്നു. ഒരു ഗുരുവും ശിഷ്യനു കൂടി നടക്കുവാനിറങ്ങി. വഴിയിൽ കണ്ട പല കാര്യങ്ങളെക്കുറിച്ചും ഗുരു ശിഷ്യനോടു സംസാരിച്ചു. വഴിനടന്ന് ക്ഷീണിച്ച ഇവർ ഒരു മാവിൻ ചുവട്ടിൽ വിശ്രമിക്കുവാനായി ഇരുന്നു. മുകളിലേക്ക് നോക്കിയ ശിഷ്യൻ മാമ്പഴം കണ്ട്

കല്ല് എടുത്ത് എറിയുവാൻ ശ്രമിച്ചു.  അത് പാടില്ല, തെറ്റാണ് നീ ചെയ്യുന്നത്. നീ എറിയുമ്പോൾപല മാങ്ങകളെയും  അത് ബാധിക്കും , കയറി വേണ്ടതുമാത്രം പറിക്കുവാൻ ഗുരു നിർദ്ദേശി ച്ചു. ബുദ്ധിമുട്ടി മാവിൽ കയറുന്ന ശിഷ്യൻ മരക്കൊമ്പിൽ പിടിച്ചു കഴിഞ്ഞപ്പോൾ 'ഇനി സൂക്ഷിക്കുക' എന്ന് നിർദ്ദേശിച്ചു. മാമ്പഴം പറിച്ച് താഴെ വന്ന ശിഷ്യനും ഗുരുവും വീണ്ടും യാത്ര തുടർന്നു. ഗുരോ 'അങ്ങ് സൂക്ഷിക്കണം എന്ന് മാവിൻ കൊമ്പിൽ പിടിച്ച ശേഷം എന്നോടു പറഞ്ഞത് എന്തിനാണ്? എന്ന് ശിഷ്യൻ തന്റെ സംശയം  ചോദിച്ചു' എവിടെ എങ്കിലും ഒരു പിടി കിട്ടിക്കഴിയു മ്പോഴാണ് അലസത മനുഷ്യനെ പിടികൂടുന്നത്. ശിഖരത്തിൻ പിടി കിട്ടിക്കഴിഞ്ഞപ്പോൾ അപകടം മാറി എന്ന  ചിന്ത നിന്നിൽ അല സത കടത്തിവിടും , അതിനാലാണ് ഞാൻ നിനക്ക് മുന്നറിയിപ്പ് തന്നത് എന്ന് ഗുരു ശിഷ്യനെ മനസ്സിലാക്കിക്കൊടുത്തു.  അനുഭവ ങ്ങൾ പഠിപ്പിക്കുന്ന പാഠം നമ്മെ ജ്ഞാനികളാക്കി തീർക്കുന്നു.

ജ്ഞാനികളായി നാം ഈ ലോകത്തിൽ ജീവിക്കണമെന്ന് നമ്മുടെ  ഗുരുവായ ക്രിസ്തുവും ആഗ്രഹിക്കുന്നു. എത്രമാത്രം വചനത്തിലെ മർമ്മങ്ങളെ നാം ഗ്രഹിക്കുന്നുവോ അത്രമാത്രം സൂക്ഷ്മതയുള്ളവരായി നാം ജീവിയ്ക്കും.  ക്രിസ്തുവും ജീവിതാ നുഭവങ്ങളിൽ കൂടിയും , മുൻപിൽ പ്രത്യക്ഷപ്പെടുന്ന സംഭവങ്ങ

ളിൽ കൂടിയുമാണ് തന്റെ ജനത്തെ പഠിപ്പിച്ചത്. മർക്കോ:(4:2)ൽ അവൻ ഉപമകളാൽ പലതും ഉപദേശിച്ചു എന്ന് കാണാം. ഉദാഹരണമായി ആടുകളെ മേയിക്കുന്ന നല്ല ഇടയനെപ്പറ്റിയും , വിതയ്ക്കുന്ന കൃഷിക്കാരനെപ്പറ്റിയും , വീട് പണിയേണ്ട വിധത്തെപ്പറ്റിയും ഉപമകളിൽക്കൂടിയാണ് ഗുരു ജനത്തെ പഠിപ്പിച്ചത്.

Scottish theologist Jame said " the teaching of Jesus has had a power and an effect with which the influence of no other teacher can even for a moment be compared."



യേശു ഒരിക്കലും നാലു ചുവരുകൾക്കുള്ളിൽ ഇരുന്ന് പഠിപ്പിച്ച ഗുരുവല്ല. വിദ്യാഭ്യാസ യോഗ്യതകളൊന്നും ഇന്നത്തെ ലോകത്തിലുള്ളത് അവനില്ല. എന്നാൽ അവന്റെ വാക്ക് സത്യവും, ആധികാരികവും , പ്രകൃതിയും പിശാചും പോലും ആ ഗാംഭീര്യ വാക്കുകൾക്കു മുമ്പിൽ അനുസരണ മനോഭാവമുള്ളവരായും തീരുന്നത് നാം കാണുന്നു. അവൻ കുറ്റമറ്റ ആജ്ഞാശക്തിയുള്ള അറിവിന്റെ നിറകുടമായ നല്ല ഗുരുവത്രേ. ഈ ഗുരുവിനെ മറ്റു ഗുരുക്കൻമാരിൽ നിന്നും വൈവിദ്ധ്യമുള്ളവനാക്കുന്നത് തന്റെ വാക്കുകേൾക്കുന്ന ജനത്തെ അവൻ

നന്നായി അറിയുന്നു എന്നതാണ്. ഗുരു അവരുടെ വിശപ്പ് , രോഗങ്ങൾ , തെറ്റുകൾ എല്ലാം അറിയുകയും കോപിക്കാതെ അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ലോകമെല്ലാം അവന്റെ വകയായ പാഠശാലകളുണ്ട്. എല്ലാക്കാലത്തും , എല്ലാ സമയത്തും ഗുരുവിന്റെ സന്ദേശം ലോകമെല്ലാം വിളമ്പുന്ന അദ്ധ്യാപകരുമുണ്ട്.

ഈ ഗുരുവിനെ ഞാൻ ഏറ്റവും ബഹുമാനിക്കുകയും മാതൃകയാക്കുവാനാഗ്രഹിക്കുകയും ചെയ്യുന്നതിന്റെ കാര്യം " എന്റെ ഉപദേശം എന്റേതല്ല എന്നെ അയച്ചവന്റേതത്രേ" എന്നുള്ള താഴ്മയുടെ വാക്കുകളാണ്.(യോഹ:7:16). കൂടാതെ നല്ല ഗുരോ എന്ന് വിളിച്ചാൽ അമിതസന്തോഷം കാട്ടുന്നവനല്ല ഈ ഗുരു.ദൈവം ഒരുവനല്ലാതെ നല്ലവനാരുമില്ല എന്ന് തന്റെ അടുക്കൽ വന്നവനോട് വ്യക്തമായി പറയുന്നു (മർക്കോ:10:17-18) . എന്നും എപ്പോഴും പുകഴ്ചയുടെ വാക്കുകളും , ലോകമയമായ ആഗ്രഹത്തോടും ഗുരുവിന്റെ വേലക്കാരായി നില്ക്കുന്നവർ , ദയവായി ഈ താഴ്മയുള്ള ഗുരുവിനെ മാതൃകയാക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# പ്രാർത്ഥന

പ്രീയയേശുവേ ! ഞങ്ങളുടെ പുറംകണ്ണും, അകക്കണ്ണും തുറന്ന എല്ലാ ഗുരു ശ്രേഷ്ഠർക്കായും സ്തോത്രം ചെയ്യുന്നു. രോഗത്താലും , പ്രായത്തിന്റെ ക്ഷീണത്താലും കഴിയുന്ന എല്ലാവരേയും അങ്ങയുടെ കരങ്ങളിൽ ഏല്പിക്കട്ടെ. നല്ല ഗുരുവായ അങ്ങയെ മാതൃകയാക്കുവാൻ ഇപ്പോൾ വേലയിലായിരിക്കുന്നവർക്ക് കൃപ നൽകേണമേ.

ആമേൻ

**Santhamma Varghese**


Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind